വർദ്ധിപ്പിക്കുന്നതിനായി ഡാറ്റാ മൈനിംഗ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. വകുപ്പിന്റെ സർവ്വർ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതനുസരിച്ച് ഇന്റലിജൻസ് വിഭാഗത്തെ ഉപയോഗപ്പെടുത്തി നികുതി നിർണ്ണയവും അതിനനുബന്ധമായ നികുതി പിരിവും വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

അഞ്ചൽ സബ്ട്രഷറി

111 (1851) <u>ശ്രീ. കെ. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചൽ സബ്ട്രഷറിയുടെ പ്രവർത്തനം കൂടുതൽ സൗകര്യപ്രദമായി നടത്തുവാൻ കഴിയുന്ന അഞ്ചൽ മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ;

(ബി) ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ പ്രതിമാസം 25000 രൂപയിൽ അധികം രൂപ വാടക നൽകി തുടരുന്നതുമൂലമുള്ള നഷ്ടത്തിന് ഉത്തരവാദി ആരാണെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ രണ്ട് വർഷമായി മിനി സിവിൽ സ്റ്റേഷനിൽ ട്രഷറി പ്രവർത്തിക്കുന്നതിന് ആവശ്യമായ സ്ഥലം ഒഴിച്ചിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) അഞ്ചൽ സബ്ട്രഷറിക്കായി മിനി സിവിൽ സ്റ്റേഷനിൽ അനുവദിച്ച സ്ഥലത്ത് മോഡുലാർ കൗണ്ടർ സ്ഥാപിക്കൽ, കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള വൈദ്യുതീകരണം എന്നിവയ്ക്കായി Rs.7,09,000 (ഏഴ് ലക്ഷത്തി ഒൻപതിനായിരം രൂപ മാത്രം) പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വർക്ക് ടെണ്ടർ ചെയ്യുവെങ്കിലും ആരുംതന്നെ ടി വർക്ക് ഏറ്റെടുത്തില്ല. അതിനുശേഷം ക്വട്ടേഷൻ വ്യവസ്ഥയിൽ പുതിയ കോൺട്രാക്ടർ എസ്റ്റിമേറ്റ് തുകയേക്കാൾ 20% കൂടുതൽ തുക ക്വോട്ട് ചെയ്തിരിക്കുന്നുവെന്നും അതിനാൽ അനുവദിച്ച Rs.7,09,000 രൂപയ്ക്ക് പുറമെ അധിക തുകയായി Rs.1,16,466 രൂപ കൂടി ഡെപ്പോസിറ്റ് ചെയ്യണമെന്ന് പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടതിനെ തുടർന്ന് അധിക തുക അനുവദിക്കുന്നതിന് 27-1-2016-ൽ എ 5/പി.സി/1049/2011 എന്ന ട്രഷറി ഡയറക്ടറുടെ അപേക്ഷ 30-1-2016-ൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

(ബി) അഞ്ചൽ സബ്ട്രഷറിയുടെ വാടകയായി പ്രതിമാസം Rs.7,997 (ഏഴായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയേഴ് രൂപ മാത്രം) മാത്രമാണ് കെട്ടിട ഉടമയ്ക്ക് നൽകുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly